# പതിനഞ്ചാം കേരള നിയമസഭ

## പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ഫെബ്രുവരി 14, ബുധൻ

**നമ്പർ 130**

രാവിലെ 9.00-ന് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ ആറെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം ഉത്തരം നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

കാർഷിക വിളകളുടെ വിലയിടിവും, ഉത്പാദന ചെലവിൽ ഉണ്ടായ വർദ്ധനവും, കടബാധ്യതയും, സർക്കാറിന്റെ അവഗണനയുംമൂലം കർഷക സമൂഹം നേരിടുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കുറുക്കോളി മൊയ്തീനും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. കൃഷി വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) വേമ്പനാട്ട് കായലിലേക്കുള്ള കൈവഴികളായ തോടുകൾ ശുദ്ധീകരിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ തുക അനുവദിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. തോമസ് കെ. തോമസ് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ഡോ. വന്ദന ദാസിന്റെ കൊലപാതകം സംബന്ധിച്ച കേസ് സി.ബി.ഐ. അന്വേഷണത്തിന് വിടേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. മോൻസ് ജോസഫ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 322/2024 (i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് നടപടി | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 2 | ശ്രീ. പി. നന്ദകുമാർ | ഗിഗ്ഗ് തൊഴിലാളികളുടെ സംരക്ഷണത്തിനായി നിയമ നിർമ്മാണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. പി. മോഹനൻ | കൂത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 4 | ശ്രീമതി കെ. കെ. രമ | കുരിയാടിയിൽ മത്സ്യബന്ധന തുറമുഖവും ചോമ്പാൽ ഹാർബർ പുനരുദ്ധാരണവും | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | പനച്ചിക്കാട് സപ്ലൈക്കോ ഔട്ട്ലെറ്റിന്റെ തുടർ പ്രവർത്തനം | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 6 | ശ്രീ. എം. വിജിൻ | കയ്യംതടം പ്രദേശത്തെ കർഷകർക്ക് ഭൂനികുതി അടയ്ക്കുന്നതിന് ആവശ്യമായ നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. വി. സുമേഷ് | കാട്ടാമ്പള്ളി കൃഷി പദ്ധതിക്കാവശ്യമായ ജല ലഭ്യതയ്ക്കായുള്ള റഗുലേറ്ററുകളും ഷട്ടറും പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 8 | ശ്രീ. പി. വി. ശ്രീനിജിൻ | അമ്പലമുകൾ അയ്യൻകുഴി നിവാസികളുടെ പുനരധിവാസം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 9 | ശ്രീ. യു. എ. ലത്തീഫ് | ആക്കപ്പറമ്പ്-പട്ടിക്കാട് റോഡ് ഗതാഗത യോഗ്യമാക്കൽ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. ഡി. പ്രസേനൻ | കണ്ണാടി-പന്നിക്കോട് റോഡ് നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 11 | ശ്രീ. ടി. സിദ്ദിഖ് | പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 12 | ശ്രീ. ഇ. കെ. വിജയൻ | വടകര-വിലങ്ങാട്-കുഞ്ഞോം-മാനന്തവാടി റോഡ് | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 13 | ശ്രീ. മഞ്ഞളാംകുഴി അലി | വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് ബി.എം. & ബി.സി. ചെയ്ത് നവീകരിക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 14 | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | തൃശ്ശൂർ ഡന്റൽ കോളേജും നേഴ്സിംഗ് കോളേജും സർവകലാശാല ക്യാമ്പസ് പദവിയിലേക്കുയർത്തുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 15 | ശ്രീമതി സി. കെ. ആശ | വൈക്കം അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്ത് വച്ച കടലാസ്:</u>

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചു

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

(i) മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു

(ii) സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഇരുപത്തിയേഴും ഇരുപത്തിയെട്ടും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു

<u>റിപ്പോർട്ട് പരിഗണന</u> :

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

<u>ഗവൺമെന്റ് പ്രമേയം</u> :

മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുവാൻ നിലവിലുള്ള നിയമങ്ങൾ കാലാനുസൃതമായി ഭേദഗതി ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന ഒരു പ്രമേയം വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. ടി. സിദ്ദിഖ്, ശ്രീ. സജീവ് ജോസഫ്, ശ്രീ. സണ്ണി ജോസഫ്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ എന്നീ അംഗങ്ങൾ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ചിരുന്ന താഴെപ്പറയുന്ന ഭേദഗതിയും, വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സഭ സ്വീകരിച്ചു.

പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3 - ാം ഉപഖണ്ഡത്തിന് ശേഷം ഉപഖണ്ഡമായി ഇനിപ്പറയുന്നത് ഉൾപ്പെടുത്തുക.

"വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നത് തടയാൻ അവയുടെ പ്രജനനത്തിന് നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും;"

തുടർന്ന് ഭേദഗതി ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

"കേരളത്തിന്റെ പലഭാഗങ്ങളിലും വന്യജീവികൾ ജനവാസമേഖലകളിലിറങ്ങുന്നത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിനും മനുഷ്യജീവനും സ്വത്തിനും കൃഷിയ്ക്കും ഭീഷണി ഉയർത്തുന്നതിനും കാരണമാകുകയും അതുവഴി നിരവധി മനുഷ്യജീവനുകൾ പൊലിയുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്തതിനാലും;

കേന്ദ്ര വന്യജീവി സംരക്ഷണ നിയമ പ്രകാരം വന്യജീവികളായിട്ടുള്ള കാട്ടുപന്നി, വിവിധയിനം കുരങ്ങുകൾ മറ്റ് ജീവികൾ എന്നിവ വനത്തിനു പുറത്തുള്ള മേഖലകളിൽ പെറ്റുപെരുകി വന്യജീവി ശല്യം രൂക്ഷമാകുന്നതിനാലും;

ജനവാസ മേഖലകളിലിറങ്ങുന്ന ഇത്തരം ആക്രമണകാരികളായ വന്യജീവികളെ നശിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും തടസ്സങ്ങളാകുന്ന കർശന വ്യവസ്ഥകളടങ്ങിയ കേന്ദ്ര വന്യജീവി സംരക്ഷണ നിയമവും ചട്ടങ്ങളും നടപടിക്രമങ്ങളും ഉപദേശങ്ങളും മാനദണ്ഡങ്ങളും കാലാനുസൃതമായി ഭേദഗതി വരുത്താതെ നിലനിൽക്കുന്നതിനാലും;

കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62-ാം വകുപ്പുപ്രകാരം കാട്ടുപന്നി ഉൾപ്പെടെ വനത്തിന് പുറത്ത് പെറ്റുപെരുകുന്ന ഉപദ്രവകാരികളായ വന്യജീവികളെ ഉൻമൂലനം ചെയ്യുന്നതിന് കേന്ദ്രസർക്കാർ ആവർത്തിച്ച് അനുമതി നിഷേധിക്കുന്നതിനാലും;

പൊതുജനങ്ങൾക്ക് ജനവാസമേഖലകളിൽ ഭീതികൂടാതെ സമാധാനപരമായി ജീവിക്കുന്നതിനുള്ള സാഹചര്യം നിലനിർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നതിനാലും;

ഇപ്പോൾ, അതിനാൽ,

1. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ 11(1)(എ) വകുപ്പ് പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകിയിട്ടുള്ള എല്ലാ അധികാരങ്ങളും അടിയന്തര നടപടികൾ സ്വീകരിക്കാൻ സാധ്യമാക്കുന്ന വിധം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ഏൽപ്പിച്ചു നൽകുന്നതിന് വകുപ്പ് 5 (2) ഉൾപ്പെടെ ഭേദഗതി ചെയ്യണമെന്നും;

2. വകുപ്പ് 11(1)(എ) -യിലെ ക്ലിപ്ത നിബന്ധനകളിലെയും വിശദീകരണത്തിലെയും നടപടി ക്രമങ്ങളും, വന്യജീവി നിയമത്തിന് കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളും നടപടി ക്രമങ്ങളും ഉപദേശങ്ങളും (Advisories) മാനദണ്ഡങ്ങളും ലഘൂകരിക്കണമെന്നും ആവശ്യമായ പ്രായോഗിക വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രസ്തുത കേന്ദ്രനിയമം കാലാനുസൃതമായി ഭേദഗതി ചെയ്ത് വന്യജീവി ആക്രമണം തടയുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും;

3. കാട്ടുപന്നിയെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62-ാം വകുപ്പ് പ്രകാരം ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നും;

4. വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നത് തടയാൻ അവയുടെ പ്രജനനത്തിന് നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും;

ഈ സഭ ഐകകണ്ഠ്യേന കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു. "

ധനകാര്യം :

1) 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച പുനരാരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ഡോ. കെ. ടി. ജലീൽ

ശ്രീമതി ഉമ തോമസ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. ആൻസലൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. എം. രാജഗോപാലൻ

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മറുപടി പറഞ്ഞു.

2) 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള II, III, IV, IX, X, XI, XIII, XV, XVII, XVIII, XIX, XX, XXI, XXII, XXIII, XXIV, XXV, XXIII, XXIX, XXXI, XXXII, XXXIII, XXXV, XXXVII, XXXVIII, XXXIX, XL, XLI, XLII, XLVI എന്നീ ധനാഭ്യർത്ഥനകളുടെ പേരിൽ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. വി. സുമേഷ്

ശ്രീ. എം. വിൻസെന്റ്

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. പി.ടി.എ. റഹീം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എം. മുകേഷ്

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. എം. എം. മണി

ശ്രീ. ഷാഫി പറമ്പിൽ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് മറുപടി നൽകി.

തുടർന്ന് II, III, IV, IX, X, XI, XIII, XV, XVII, XVIII, XIX, XX, XXI, XXII, XXIII, XXIV, XXV, XXIII, XXIX, XXXI, XXXII, XXXIII, XXXV, XXXVII,

XXXVIII, XXXIX, XL, XLI, XLII, XLVI എന്നീ ധനാഭ്യർത്ഥനകൾ സഭ വോട്ടിനിട്ട് പാസ്സാക്കുകയും I, XVI എന്നീ ധനാഭ്യർത്ഥനകളുടെ പേരിലുള്ള ഉപധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ പാസ്സാക്കുകയുമുണ്ടായി.

2024 ഫെബ്രുവരി 15-ാം തീയതി, വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 7.34 - ന് സഭ പിരിഞ്ഞു.

ഷാജി സി. ബേബി,

*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Tenth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, February 14, 2024*

**No. 130**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Six Questions in the list of Questions posted for the day were answered orally.

*Adjournment Motion*:

After hearing the Minister for Agriculture the Speaker withheld consent to the moving of an adjournment motion given notice of by Shri Kurukkoli Moideen and five other Members regarding the serious situation reported to have arisen consequent to the plight of the farming community due to fall in price of agricultural crops, rise in cost of production, debt trap and negligence of Government.

(As a mark of protest against the attitude of the Government the Members belong to opposition staged a walkout.)

Calling Attention :

1. Shri Thomas K. Thomas called the attention of the Minister for Water Resources to the necessity to allocate sufficient fund to implement a special project for purifying the tributaries to the Vembanattu Backwater. The Minister made a statement thereto.

2. Shri Mons Joseph called the attention of the Chief Minister to the necessity to hand over the murder case of Dr. Vandana Das to CBI for investigation. The Chief Minister made a statement thereto.

KNPP. 322/2024 (ii).

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | എൻഡോസൾഫാൻ ദുരിതബാധിതർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് നടപടി | ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി |
| 2 | ശ്രീ. പി. നന്ദകുമാർ | ഗിഗ്ഗ് തൊഴിലാളികളുടെ സംരക്ഷണത്തിനായി നിയമ നിർമ്മാണം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. പി. മോഹനൻ | കൂത്തുപറമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് പുതിയ കെട്ടിടം | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 4 | ശ്രീമതി കെ. കെ. രമ | കുരിയാടിയിൽ മത്സ്യബന്ധന തുറമുഖവും ചോമ്പാൽ ഹാർബർ പുനരുദ്ധാരണവും | മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | പനച്ചിക്കാട് സപ്ലൈക്കോ ഔട്ട്ലെറ്റിന്റെ തുടർ പ്രവർത്തനം | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 6 | ശ്രീ. എം. വിജിൻ | കയ്യംതടം പ്രദേശത്തെ കർഷകർക്ക് ഭൂനികുതി അടയ്ക്കുന്നതിന് ആവശ്യമായ നടപടി | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. വി. സുമേഷ് | കാട്ടാമ്പള്ളി കൃഷി പദ്ധതിക്കാവശ്യമായ ജല ലഭ്യതയ്ക്കായുള്ള റഗുലേറ്ററുകളും ഷട്ടറും പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| 8 | ശ്രീ. പി. വി. ശ്രീനിജിൻ | അമ്പലമുകൾ അയ്യൻകുഴി നിവാസികളുടെ പുനരധിവാസം | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 9 | ശ്രീ. യു. എ. ലത്തീഫ് | ആക്കപ്പറമ്പ്-പട്ടിക്കാട് റോഡ് ഗതാഗത യോഗ്യമാക്കൽ | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. ഡി. പ്രസേനൻ | കണ്ണാടി-പന്നിക്കോട് റോഡ് നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 11 | ശ്രീ. ടി. സിദ്ദിഖ് | പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ് നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 12 | ശ്രീ. ഇ. കെ. വിജയൻ | വടകര-വില്യാപ്പള്ളി-കുഞ്ഞോം-മാനന്തവാടി റോഡ് | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 13 | ശ്രീ. മഞ്ഞളാംകുഴി അലി | വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് ബി.എം. & ബി.സി. ചെയ്ത് നവീകരിക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 14 | ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | തൃശ്ശൂർ ഡന്റൽ കോളേജും നേഴ്സിംഗ് കോളേജും സർവ്വകലാശാല ക്യാമ്പസ് പദവിയിലേക്കുയർത്തുന്നതിന് നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 15 | ശ്രീമതി സി. കെ. ആശ | വൈക്കം അമ്മമാരുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Paper Laid on the Table* :

The Second Report of the Rules Committee was laid on the Table.

*Presentation of Reports* :

(i) The Second and Third Reports of the Committee on Welfare of Senior Citizens were presented.

(ii) The Twenty Seventh and Twenty Eighth Reports of the Committee on Subordinate Legislation were presented.

*Consideration of Report* :

The Second Report of the Rules Committee was adopted by the House.

*Government Resolution* :

Shri A. K. Saseendran, Minister for Forest and Wildlife moved a Government resolution urging the Central Government to take steps including amending of prevailing laws to prevent man-wild animal conflicts.

Shri Manjalamkuzhi Ali, Shri T. Siddique, Shri Sajeev Joseph, Shri Sunny Joseph and Shri I. C. Balakrishnan moved amendments to the resolution. Out of these, the following amendment to the resolution moved by Shri Sajeev Joseph and official amendment of Shri A. K. Saseendran, Minister for Forest and Wildlife were adopted by the House.

പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ 3-ാം ഉപഖണ്ഡത്തിന് ശേഷം ഉപഖണ്ഡമായി ഇനിപ്പറയുന്നത് ഉൾപ്പെടുത്തുക.

"വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നത് തടയാൻ അവയുടെ പ്രജനനത്തിന് നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും;"

Then the House unanimously adopted the following resolution as amended.

"കേരളത്തിന്റെ പലഭാഗങ്ങളിലും വന്യജീവികൾ ജനവാസമേഖലകളിലിറങ്ങുന്നത് വന്യജീവി സംഘർഷം വർദ്ധിക്കുന്നതിനും മനുഷ്യജീവനും സ്വത്തിനും കൃഷിയ്ക്കും ഭീഷണി ഉയർത്തുന്നതിനും കാരണമാകുകയും അതുവഴി നിരവധി മനുഷ്യജീവനുകൾ പൊലിയുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്യുതിനാലും;

കേന്ദ്ര വന്യജീവി സംരക്ഷണ നിയമ പ്രകാരം വന്യജീവികളായിട്ടുള്ള കാട്ടുപന്നി, വിവിധയിനം കുരങ്ങുകൾ മറ്റ് ജീവികൾ എന്നിവ വനത്തിനു പുറത്തുള്ള മേഖലകളിൽ പെറ്റുപെരുകി വന്യജീവി ശല്യം രൂക്ഷമാകുന്നതിനാലും;

ജനവാസ മേഖലകളിലിറങ്ങുന്ന ഇത്തരം ആക്രമണകാരികളായ വന്യജീവികളെ നശിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും തടസ്സങ്ങളാകുന്ന കർശന വ്യവസ്ഥകളടങ്ങിയ കേന്ദ്ര വന്യജീവി സംരക്ഷണ നിയമവും ചട്ടങ്ങളും നടപടിക്രമങ്ങളും ഉപദേശങ്ങളും മാനദണ്ഡങ്ങളും കാലാനുസൃതമായി ഭേദഗതി വരുത്താതെ നിലനിൽക്കുന്നതിനാലും;

കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62- ാം വകുപ്പുപ്രകാരം കാട്ടുപന്നി ഉൾപ്പെടെ വനത്തിന് പുറത്ത് പെറ്റുപെരുകുന്ന ഉപദ്രവകാരികളായ വന്യജീവികളെ ഉൻമൂലനം ചെയ്യുന്നതിന് കേന്ദ്രസർക്കാർ ആവർത്തിച്ച് അനുമതി നിഷേധിക്കുന്നതിനാലും;

പൊതുജനങ്ങൾക്ക് ജനവാസമേഖലകളിൽ ഭീതികൂടാതെ സമാധാനപരമായി ജീവിക്കുന്നതിനുള്ള സാഹചര്യം നിലനിർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നതിനാലും;

ഇപ്പോൾ, അതിനാൽ,

1. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ 11(1)(എ) വകുപ്പ് പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകിയിട്ടുള്ള എല്ലാ അധികാരങ്ങളും അടിയന്തര നടപടികൾ സ്വീകരിക്കാൻ സാധ്യമാകുന്ന വിധം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ഏൽപ്പിച്ചു നൽകുന്നതിന് വകുപ്പ് 5 (2) ഉൾപ്പെടെ ഭേദഗതി ചെയ്യണമെന്നും;

2. വകുപ്പ് 11(1)(എ) - യിലെ ക്ലിഷ്ട നിബന്ധനകളിലെയും വിശദീകരണത്തിലെയും നടപടി ക്രമങ്ങളും, വന്യജീവി നിയമത്തിന് കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളും നടപടി ക്രമങ്ങളും ഉപദേശങ്ങളും (Advisories) മാനദണ്ഡങ്ങളും ലഘൂകരിക്കണമെന്നും ആവശ്യമായ പ്രായോഗിക വ്യവസ്ഥകൾ ഉൾപ്പെടുത്തി പ്രസ്തുത കേന്ദ്രനിയമം കാലാനുസൃതമായി ഭേദഗതി ചെയ്ത് വന്യജീവി ആക്രമണം തടയുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്നും;

3. കാട്ടുപന്നിയെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിന്റെ 62-ാം വകുപ്പ് പ്രകാരം ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നും;

4. വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നത് തടയാൻ അവയുടെ പ്രജനനത്തിന് നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും;

ഈ സഭ ഐകകണ്ഠ്യേന കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ”

*Financial Business:*

*1) General discussion on the budget for the financial year 2024-25*

The General discussion on the budget for the financial year 2024-25 resumed. The following members took part in the discussion.

DR. K. T. Jaleel

Smt. Uma Thomas

Shri E. T. Taison master

Shri T. V. Ibrahim

Shri Sebastian Kulathunkal

Shri Mons Joseph

Shri K. Ansalan

Shri Kovoor Kunjumon

Shri K. Premkumar

Shri M. Rajagopalan

Shri V. D. Satheesan, Leader of Opposition

Shri K. N. Balagopal, Finance Minister replied to the points raised during the discussion.

*2) Discussion and Voting on the Final Supplementary Demands for Grants in the Budget for the Financial Year 2023-24*

Motions for the Final Supplementary Demands for Grants in the Budget for the Financial Year 2023-24 in respect of the Demands II, III, IV, IX, X, XI, XIII, XV, XVII, XVIII, XIX, XX, XXI, XXII, XXIII, XXIV, XXV, XXIII, XXIX, XXXI, XXXII, XXXIII, XXXV, XXXVII, XXXVIII, XXXIX, XL, XLI, XLII and XLVI were moved by the respective Ministers.

The following Members took part in the discussion:

Shri K. V. Sumesh

Shri M. Vincent

Shri G. S. Jayalal

Shri U. A. Latheef

Shri Job Maichil

Shri Eldose P. Kunnappillil

Smt. O. S. Ambika

Shri G. Steephen

Shri P. T. A. Rahim

Prof. Abid Hussain Thangal

Shri K. J. Maxy

Shri M. Mukesh

Shri Thomas K. Thomas

Shri P. Ubaidulla

Shri V. R. Sunil kumar

Shri M. M. Mani

Shri Shafi Prambil.

As authorised by Minister for Finance, Shri P. Rajeeve, Minister for Law, Industries and Coir replied to the points raised during the discussion.

Then the Supplementary demands in Demand Numbers II, III, IV, IX, X, XI, XIII, XV, XVII, XVIII, XIX, XX, XXI, XXII, XXIII, XXIV, XXV, XXIII, XXIX,

XXXI, XXXII, XXXIII, XXXV, XXXVII, XXXVIII, XXXIX, XL, XLI, XLII and XLVI were put to vote and passed by the House. The Supplementary demands in Demand Numbers I and XVI were also passed without any discussion.

The House adjourned at 7.34 p.m. to meet again at 9.00 a.m. on Thursday, February 15, 2024.

SHAJI C. BABY,
*Secretary-in-Charge.*